


പുറപ്പാട് 12:1 – 20,
മലാക്കി 1:10 – 14, 1 കോറി. 21:23 – 29
യോഹ 13:1 – 14 + മത്തായി 26: 26 – 30

# പെസഹാ വ്യാഴം

**ബ്രി. നിഖിൽ മാലിയിൽ** MCBS

Vol. 11 Issue : 49

ഇത്ര ചെറുതാകാൻ എത്ര വളരേണം.,

ഇത്ര സ്നേഹിക്കാൻ എന്തു വേണം??

ദിവ്യകാരുണ്യ ഈശോയിൽ പ്രിയമുള്ളവരേ,

ചെറുതാകലിന്റെയും സ്നേഹത്തിന്റെയും പുതിയ പാഠം പഠിപ്പിച്ച പെസഹാ തിരുന്നാളിന്റെ മംഗളങ്ങൾ എല്ലാവർക്കും നേരുന്നു. ഈശോയുടെ പീഢാസഹന മരണത്തെ പ്രത്യേകമാംവിധം അനുസ്മരിക്കുന്ന നോമ്പുകാലത്തിലെ അവസാന ആഴ്ചയിലാണ് നാം. ഇന്ന്, പെസഹാ വ്യാഴം. മേലങ്കി അഴിച്ച് അരക്കച്ചയക്കാനുള്ള ആഹ്വാനവും, അധികാരത്തിൽനിന്ന് ശുശ്രൂഷയിലേയ്ക്കുള്ള അവരോഹണവുമാണ് പെസഹാ. ഓരോ യഹൂദനേയും സംബന്ധിച്ച് പെസഹാ എന്നത് ഈജിപ്ത്തിന്റെ അടിമത്തത്തിൽനിന്ന് അത്ഭുതകരമാംവിധം ദൈവം അവരെ രക്ഷിച്ചതിന്റെ ഓർമ്മയാണ്. പുറപ്പാടിന്റെ പുസ്തകത്തിൽനിന്നുള്ള ഒന്നാം വായനയിൽ നാം കേട്ടതും ഇതു തന്നെയാണ്. എന്താണ് പെസഹാ, അതിന്റെ അർത്ഥം എപ്രകാരം ആചരിക്കണം എന്നിങ്ങനെയുള്ളവയാണ് നാം മനസ്സിലാക്കുന്നത്. മലാക്കിയുടെ പുസ്തകത്തിൽനിന്നുള്ള രണ്ടാം വായനയിൽ പ്രവാചകന്റെ കാലത്ത് നിലവിലുണ്ടായിരുന്ന ബലിയർപ്പണത്തിലെ അഴിമതിയെക്കുറിച്ച് നാം കാണുന്നു. അയോഗ്യമായവ അർപ്പിക്കരുതെന്നും, അയോഗ്യതയോടെ ബലിപീഠത്തെ സമീപിക്കരുതെന്നും നമ്മെ പഠിപ്പിക്കുന്നു. തുടർന്ന് പൗലോസ് ശ്ലീഹാ കോറിന്തോസിലെ സഭയ്ക്കെഴുതിയ ഒന്നാം ലേഖനത്തിൽ അവരുടെ ഇടയിലെ ഭിന്നിപ്പിനെയും അയോഗ്യതയേയും തിരുത്തുന്നു. കാരണം, അവരുടെ വി. കുർബാനയർപ്പണം ഓർമ്മയാചരണമോ, ഉടമ്പടി നവീകരണമോ അല്ലാതെ കേവലം ഒത്തുചേരലും ഭക്ഷണവുമായി അധഃപതിച്ചു. പാവപ്പെട്ടവർക്കായുള്ള കാത്തിരിപ്പും പങ്കുവയ്ക്കലും നഷ്ടപ്പെട്ട ഒരു സമൂഹമായി മാറി. ഇവിടെ അപ്പസ്തോലൻ പറയുന്നു കർത്താവിന്റെ മേശയ്ക്കുചുറ്റും കൂടുമ്പോൾ സ്നേഹവും, പങ്കുവയ്ക്കലും ആയിരിക്കട്ടെ നിങ്ങളുടെ മനോഭാവം.

സുവിശേഷത്തിലേയ്ക്ക് നീങ്ങുമ്പോൾ, തനിക്ക് പിതാവിന്റെ പക്കലേയ്ക്ക് പോകേണ്ട സമയമായെന്ന അറിവിൽ ഈശോ തന്റെ 12 ശിഷ്യന്മാരെയും ഒരു മേശയ്ക്കു ചുറ്റും ഒരുമിച്ചുകൂട്ടി പെസഹാ ആചരിച്ചു. രണ്ടു കൂദാശകളും ഒരു പുതിയ പ്രമാണവും അവൻ നൽകി; പരി. കുർബാനയും, പൗരോഹിത്യവും, സ്നേഹത്തിന്റെ പുതിയ പ്രമാണവും.

പ്രിയമുള്ളവരെ, ഇന്ന് പെസഹാ ആചരിക്കുന്ന നമുക്ക് അന്ന് ഈശോ ചെയ്ത ശുശ്രൂഷകളെപ്പറ്റി ധ്യാനിക്കാം. അപ്പം മുറിക്കൽ ശുശ്രൂഷയും, പാദം കഴുകൽ ശുശ്രൂഷയും. പഴയ നിയമ ജനത പെസഹാ കുഞ്ഞാടിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടു എങ്കിൽ, നമുക്ക് നമ്മുടെ മനസ്സുകളിൽ കുറിച്ചിടാം, നാം രക്ഷിക്കപ്പെട്ടിരിക്കുന്നത് യേശുവിന്റെ സ്നേഹത്താലാണ്.

അപ്പം മുറിക്കൽ ശുശ്രൂഷ: അനുദിന ഭോജനത്തിനുവേണ്ടി അദ്ധ്വാനിക്കുന്ന ദൈവമക്കളോടൊപ്പമാണ് താനെന്ന് ബോധ്യപ്പെടുത്താൻ ദൈവത്തിന് അപ്പത്തോളം പോന്ന മറ്റൊരു പ്രതീകമില്ല. മനുഷ്യന്റെ അദ്ധ്വാനത്തിന്റെയും, വിയർപ്പിന്റെയും പ്രതീകമാണ് അപ്പം. പ്രപഞ്ചത്തിൽ ദൈവം നല്കുന്ന അനുഗ്രഹത്തിന്റെ അടയാളമാണ് അപ്പം. അത് യേശു തന്റെ ശരീരമാക്കി മാറ്റി. പഴയ നിയമത്തിൽ ഇസ്രായേൽ ജനത്തോടൊപ്പം മേഘസ്തംഭത്തിലും അഗ്നിസ്തംഭത്തിലും, പിന്നീട് വാഗ്ദാനപേടകത്തിലൂടെയും ദൈവം വസിച്ചു. എല്ലാം നഷ്ടപ്പെട്ട നിരാശയിലായ ജനമദ്ധ്യേ ദൈവം മനുഷ്യനായി അവതരിച്ച് 33 വർഷക്കാലം ജീവിച്ചു. ഇനിയെങ്ങനെ മനുഷ്യനോടൊപ്പം വസിക്കാം എന്ന ചോദ്യത്തിന് ഈശോ കണ്ടെത്തിയ ഉത്തരമായിരുന്നു, അപ്പമായി മാറുക, കുർബ്ബാനയിത്തീരുക. ദൈവമായവൻ തന്റെ സകല മഹത്വവും വെടിഞ്ഞ് മനുഷ്യനായി പിറക്കുകയും നമ്മിലൊരുവനായി ജീവിക്കുകയും നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും നമ്മോടു കൂടെയായിരിക്കാൻ അപ്പമായി സ്വയം മുറിച്ച് നൽകുകയും ചെയ്തതിനെ അനുസ്മരിക്കുന്ന ഈ പെസഹാ ദിനത്തിൽ നമുക്കും ഈശോയോടു ചോദിക്കാം, നാഥാ കൂടെ വസിക്കണമേയെന്ന്. ഈ അപ്പം മുറിക്കൽ ശുശ്രൂഷ തന്നെയായ പരി.കുർബ്ബാനയിലെ നമ്മുടെ വിശ്വാസത്തെ ആഴപ്പെടുത്താം. അതിനായി മൂന്നു ബോധ്യങ്ങൾ നമുക്ക് സ്വീകരിക്കാം, വിശ്വസിക്കാം. ഒന്നാമതായി, അപ്പവും വീഞ്ഞും ഈശോയുടെ ശരീര രക്തങ്ങളായി മാറുകയാണ്. രണ്ടാമതായി, അപ്പവും വീഞ്ഞും മിശിഹായുടെ ശരീര രക്തമായി മാറുമ്പോൾ, അത് യേശുവിന്റെ സാന്നിദ്ധ്യമായി മാറുകയാണ്. മൂന്നാമതായി ക്രിസ്തു സമ്പൂർണ്ണമായും വി.കുർബ്ബാനയിൽ സന്നിഹിതനാണ്.

പെസഹാദിനത്തിലെ ഈശോയുടെ രണ്ടാമത്തെ ശുശ്രൂഷയായിരുന്നു പാദം കഴുകൽ ശുശ്രൂഷ. അന്നത്തെ യഹൂദ പശ്ചാത്തലത്തിൽ ശിഷ്യന്മാർ പോലും ഗുരുക്കന്മാരുടെ പാദങ്ങൾ കഴുകാൻ കടപ്പെട്ടിരുന്നില്ല. കാരണം അത് വിജാതീയ അടിമകളുടെ ജോലിയായിരുന്നു. സ്വതന്ത്രനായ ഒരുവനും ചെയ്യാൻ തയ്യാറാകാത്തതും, ചിന്തിക്കാൻപോലും മടിക്കുന്ന ഒരു കാര്യം. ഇവിടെയാണ് ഈശോ തന്റെ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുന്നത്.

ഒരിക്കൽ സ്വാമി വിവേകാനന്ദൻ ഒരു വലിയ വിരുന്നു നടത്തി. പ്രമുഖരായ ഒരുപാടു പേരെയും ക്ഷണിച്ചിരുന്നു. സദ്യയ്ക്ക് സമയമായപ്പോൾ അദ്ദേഹം തന്നെ ഭക്ഷണം വിളമ്പിക്കൊടുക്കാൻ തുടങ്ങി. ഉടൻ അദ്ദേഹത്തിന്റെ ശിഷ്യന്മാരെത്തി പറഞ്ഞു; അങ്ങൊരിക്കലും ഈ ദാസ്യവൃത്തി ചെയ്യരുത്."അദ്ദേഹം പറഞ്ഞു; "നിങ്ങൾ യേശുവിനെക്കുറിച്ച് കേട്ടിട്ടുണ്ടോ? യേശു താൻ മരിക്കുന്നതിന് തലേ രാത്രിയിൽ തന്റെ ശിഷ്യരുടെ പാദങ്ങൾ കഴുകി. എങ്കിൽ നിസ്സാരനായ എനിക്ക് എന്തുകൊണ്ട് ഇത് ചെയ്തുകൂടാ? മഗ്ദലനമറിയം യേശുവിന്റെ പാദം കണ്ണുനീരാൽ കഴുകി, ഞാൻ യേശുവിന്റെ കാലത്ത് പാലസ്തീനായിൽ ജീവിച്ചിരുന്നെങ്കിൽ എന്റെ ഹൃദയരക്തം കൊണ്ട് അവിടുത്തെ പാദങ്ങൾ കഴുകാൻ മടിക്കില്ലായിരുന്നു.

ഒരു അടിമയെപ്പോലെ, തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട്, തന്റെ ശിഷ്യർക്ക് ദാസ്യവൃത്തി ചെയ്യുന്ന ഈശോ. പൗലോസ് ശ്ലീഹാ ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിൽ ഒരു ക്രിസ്തുഗീതമുണ്ട്. സ്വയം ശൂന്യനാകുന്ന ക്രിസ്തുവാണ് വിഷയം. ആദത്തിന്റെ എതിർദിശയിലേയ്ക്കാണ് ക്രിസ്തുവിന്റെ പ്രയാണം. ദൈവത്തെപ്പോലെയാവാൻ ശ്രമിക്കുന്ന ആദമല്ല ക്രിസ്തു. അവൻ ദൈവമായിരുന്നിട്ടും തന്റെ സ്ഥാനത്തുനിന്നും ഇറങ്ങിവന്ന് മനുഷ്യനായ്ത്തീർന്നു. സുവിശേഷകന്മാരിൽ യോഹന്നാൻ ശ്ലീഹാ മാത്രം വിവരിക്കുന്ന ഒരു ഭാഗമാണ് പാദം കഴുകൽ ശുശ്രൂഷ. ഇതിന് കാരണമായി ബൈബിൾ പണ്ഡിതന്മാർ പറയുന്നു, കർത്താവിന്റെ ഉയിർപ്പിനുശേഷം യോഹന്നാൻ ആയിരുന്ന സമൂഹത്തിൽ വി.കുർബാനയ്ക്ക് മുമ്പ് കാൽ കഴുകൽ ശുശ്രൂഷ നടത്തിയിരുന്നെന്ന്. ഈശോയുടെ ഈ ശുശ്രൂഷയ്ക്ക് പിന്നിലെ ഒരു ഉദ്ദേശ്യം ഉണ്ട്. തങ്ങളിൽ വലിയവനാര് എന്ന സംവാദമായിരുന്നു തന്റെ ശിഷ്യരെ അന്നും ഇന്നും അലട്ടുന്നത്. ചെറുതാകാൻ തയ്യാറാകാൻ ആരുമില്ലാത്ത സാഹചര്യത്തിൽ താൻ സ്നേഹിക്കുന്ന ശിഷ്യരെ വിമർശിക്കാൻ തുനിയാതെ അവരുടെ പാദങ്ങൾ കഴുകിക്കൊണ്ട് ചെറുതാകലിന്റെ സുവിശേഷം പഠിപ്പിക്കുകയായിരുന്നു.

പ്രിയമുള്ളവരേ, ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടതും സ്വീകരിക്കേണ്ടതുമായ പാഠമുണ്ട്. അപരന്റെ പാദത്തോളം കുനിയാതെയും അപരന്റെ മുമ്പിൽ സ്വയം ചെറുതാക്കി മുട്ടുമടക്കാതെയും പാദക്ഷാളനം സാധ്യമല്ല. മറ്റുള്ളവരെ നമ്മെക്കാൾ വലിയവരായി, ശ്രേഷ്ഠരായി കാണാൻ കഴിയുന്ന വിനയത്തിന്റെ മനസ്സാണ് പാദക്ഷാളനത്തിന്റെ അന്തഃസത്ത. കാരണം, ഈ ഒരു മനോഭാവം ഇല്ലാതെ ഈ അപ്പത്തിന്റെ മേശയെ സമീപിക്കുവാൻ നമുക്ക് സാധിക്കില്ലെന്ന് ഓർമ്മിക്കാം. ഈ പെസഹാദിനവും നമ്മിൽനിന്നും ആവശ്യപ്പെടുന്നതും ഇത്രമാത്രം, ഇന്ന്, പെസഹാ അപ്പം മുറിക്കൽ ശുശ്രൂഷ തന്നെയായ പരി. കുർബ്ബാനയിലും, ഭവനങ്ങളിലെ പെസഹാ ശുശ്രൂഷയിലും, പങ്കെടുക്കുമ്പോൾ അയോഗ്യത നീക്കി, ചെറുതാകലിന്റെയും സ്നേഹത്തിന്റെയും യോഗ്യത നമുക്ക് സ്വീകരിക്കാം. ഇതിനുള്ള കൃപയ്ക്കായി ഈ പരി.കുർബ്ബാനയിൽ പ്രാർത്ഥിക്കാം. എല്ലാവർക്കും ഒരിക്കൽക്കൂടി പെസഹാതിരുനാൾ ആശംസകൾ നേരുന്നു. അപ്പം തന്നെയായ ദൈവം കുർബാനയായിത്തീർന്ന ദൈവം നമ്മെയെല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.